# പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 4976 — 01.07.2013-ൽ മറുപടിയ്ക്ക്

## ബ്ലേഡ് മാഫിയ സംഘത്തെ നിയന്ത്രിക്കുവാൻ നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.പി. മുഹമ്മദ്<br>ശ്രീ. കെ.മുരളീധരൻ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. പി.സി. വിഷ്ണുനാഥ് | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) തലസ്ഥാനനഗരി കേന്ദ്രീകരിച്ച് പണം പലിശയ്ക്ക് നൽകി ബ്ലാങ്ക് ചെക്കുകൾ, പ്രോമിസറി നോട്ടുകൾ, വസ്തു വകകൾ, വാഹനങ്ങൾ മുതലായവ ജാമ്യമായി എഴുതി വാങ്ങുന്ന ബ്ലേഡ് മാഫിയ സംഘത്തെ നിയന്ത്രിക്കുവാൻ സ്വീകരിച്ച കർശന നടപടികൾ സംസ്ഥാന വ്യാപകമാക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകാമോ;<br><br>(ബി) പണമോ പലിശയോ തിരികെ നൽകാത്തതിന്റെ പേരിൽ ഭീമമായ തുക ചെക്കിലും മറ്റും എഴുതി ചേർത്ത് വണ്ടി ചെക്കാക്കി ബിസിനസ്സ് സ്ഥാപനങ്ങൾ, വാഹനങ്ങൾ, സ്ഥാവരജംഗമവസ്തുക്കൾ മുതലായവ കൈക്കലാക്കുന്ന ഇക്കൂട്ടരെയും ഗുണ്ടാ സംഘങ്ങളെയും അമർച്ച ചെയ്യുന്നതിന് പോലീസിന് നിർദ്ദേശം നൽകുമോ; | (എ) & (ബി) ഇത്തരത്തിലുള്ള കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ കർശനമായ നടപടികളാണ് സംസ്ഥാന വ്യാപകമായി പോലീസ് സ്വീകരിച്ചു വരുന്നത്. ഇത്തരക്കാരെ നിയന്ത്രിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ നിഷ്കർഷിച്ചുകൊണ്ട് സംസ്ഥാന പോലീസ് മേധാവി സർക്കുലർ നം. 52/09 പുറപ്പെടുവിച്ചിട്ടുണ്ട്. കുറ്റക്കാർക്കെതിരെ ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ 420 പോലുള്ള വകുപ്പ് അനുസരിച്ചും Prize chits and money circulation ( Banning) Act 1978 ലെ 3 - ാം വകുപ്പ് പ്രകാരവും The Kerala Money Lenders Act 1958 പ്രകാരവും KAP Act പ്രകാരവും കേസുകൾ രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) സഹകരണ ബാങ്കുകൾ, ന്യൂജനറേഷൻ ബാങ്കുകൾ എന്നിവയുടെ സൗകര്യങ്ങൾ ദുരുപയോഗം ചെയ്ത് ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾക്ക് പ്രത്യക്ഷമായും പരോക്ഷമായും നേതൃത്വം നൽകുന്ന ഈ മേഖലയിലെ ജീവനക്കാരെ നിയന്ത്രിക്കുവാൻ ആവശ്യമായ നിർദ്ദേശം നൽകുമോ? | (സി) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ